## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം.117

04.02.2019-ൽ മറുപടിക്ക്

### മത്സ്യ സമ്പത്തിലെ കറവ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി.കെ.ബഷീർ<br>,, എൻ .എ.നെല്ലിക്കുന്ന്<br>,, അബ്ദുൽ ഹമീദ് പി.<br>,, സി.മമ്മൂട്ടി : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | പൂർണ്ണ വളർച്ചയെത്താത്ത ചെറുമീനുകളും മീൻമുട്ടകളും ഉൾപ്പെടെ പിടികൂടി വിൽപന നടത്തുന്നതിനാൽ കടൽ മത്സ്യസമ്പത്ത് കുറയുന്നതായി കണ്ടെത്തിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഇക്കാര്യത്തിൽ മത്സ്യത്തൊഴിലാളികളെ ബോധവൽക്കരിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) | കേന്ദ്ര സർക്കാർ സ്ഥാപനമായ സി.എം.എഫ്. ആർ.ഐ-യുടെ പ ഠനങ്ങളുടെയും ശുപാർശയുടെയും അടിസ്ഥാനത്തിൽ കേരള തീരത്ത് സുലഭമായ പ്രധാനപ്പെട്ട 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം ഇറക്കിയിട്ടു ണ്ട്. പ്രാദേശിക തലത്തിലും സംസ്ഥാന തലത്തിലും മത്സ്യത്തൊഴിലാളി നേതാക്കളുടെയും പ്രതിനിധികളുടെയും യോഗം വിളിച്ച് ഇക്കാര്യം വിശദമായി ധരിപ്പിച്ചിട്ടു ണ്ട്. ഇക്കാര്യങ്ങളെക്കുറിച്ച് മത്സ്യ ത്തൊഴിലാളികളിൽ അവബോധം ഉ ണ്ടാക്കു ന്നതിനായി മത്സ്യബന്ധന തുറമുഖങ്ങളിലും ലാന്റിംഗ് സെന്ററുകളിലും മറ്റും ബോധവൽക്കരണം നടത്തി വരുന്നു ണ്ട്.<br>2017ലെ KMFR Act ഭേദഗതി പ്രകാരം ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിക്കുവാൻ നടപടികൾ സ്വീകരിച്ച വരുന്നു. ജുവനൈൽ ഫിഷിംഗ് ഉൾപ്പെടെയുള്ള അശാസ്ത്രീയ മത്സ്യബന്ധനത്തിന്റെ ദോഷ ഫലങ്ങൾ മത്സ്യത്തൊഴിലാളികളുടെ കൂടി സഹായത്തോടെ നിയന്ത്രിക്കുക എന്നത് ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ ലക്ഷ്യങ്ങളിലൊന്നാണ്. |
| (സി) | ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ എന്തെല്ലാം നിയമ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ? | (സി) | പൂർണ്ണവളർച്ചയെത്താത്ത ചെറുമീനുകളെ പിടിക്കുന്ന യാനങ്ങളെ കണ്ടെത്തി KMFR Act അനുസരിച്ച് പിഴ ചുമത്തുകയും മറ്റ് ശിക്ഷാ നടപടികൾ സ്വീകരിച്ചും വരുന്നു.<br>പ്രധാന മത്സ്യബന്ധന വലകളുടെ കണ്ണിവലിപ്പം നിശ്ചയിച്ചിട്ടുണ്ട്. ട്രോൾ വലകളുടെ കോഡ് |

| | | | |
|---|---|---|---|
| | | | എന്റിൽ സ്ക്വയർ മെഷ് ഏർപ്പെടുത്താൻ KMFR Act-ലും ചട്ടങ്ങളിലും ആവശ്യമായ ഭേദഗതി വരുത്തിയിട്ടുണ്ട്. എല്ലാ ഫിഷറീസ് സ്റ്റേഷനുകളിലും മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ സഹായത്തോടു കൂടി എല്ലാ ദിവസവും കടൽ പട്രോളിംഗ് നടത്തി വരുന്നുണ്ട്. |

Sheeba

**സെക്ഷൻ ഓഫീസർ**